# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **663** | 12.06.2013-ൽ മറുപടിക്ക്

## ആരോഗ്യ കിരണം പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. വി. എസ്. സുനിൽകുമാർ :<br>ശ്രീമതി. ഇ. എസ്. ബിജിമോൾ :<br>ശ്രീ. ജി. എസ്. ജയലാൽ :<br>,, കെ. രാജു : | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ആരോഗ്യ കിരണം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (എ) ഉണ്ട്. ആർ.ബി.എസ്.കെ, കാരുണ്യ ബനവലന്റ് ഫണ്ട്, താലോലം പദ്ധതി, ശ്രുതിതരംഗം, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസ്എബിലിറ്റി, ക്യാൻസർ സുരക്ഷാ പദ്ധതി, ആർ.എസ്.ബി.വൈ, ചിസ് പ്ലസ് തുടങ്ങിയ പദ്ധതികളുടെ സാമ്പത്തിക സ്രോതസ്സുകൾ യോജിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് എല്ലാ രോഗങ്ങൾക്കും സൗജന്യമായി ചികിത്സ നൽകുന്ന പദ്ധതിയാണ് ആരോഗ്യ കിരണം. സർക്കാർ ആശുപത്രികളുടെ സൗകര്യങ്ങൾ കുറവുള്ള സ്ഥലങ്ങളിൽ ഈ പദ്ധതിയുമായി സഹകരിക്കുന്നതിന് എം.പാനൽ ചെയ്യപ്പെട്ടിട്ടുള്ള സ്വകാര്യ ആശുപത്രികൾക്കും അനുമതി നൽകുന്നതാണ്. സർക്കാർ ജീവനക്കാരുടെയും ഇൻകം ടാക്സ് ഒടുക്കുന്നവരുടെയും കുട്ടികൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല. പദ്ധതിയുടെ വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി വരുന്നതേ ഉള്ളൂ. |
| (ബി) ഏതെല്ലാം പദ്ധതികൾ സംയോജിപ്പിച്ചാണ് ആരോഗ്യ കിരണം പദ്ധതി ആരംഭിക്കുന്നത് ; വെളിപ്പെടുത്തുമോ ; | (ബി) ആർ.ബി.എസ്.കെ, കാരുണ്യ ബനവലന്റ് ഫണ്ട്, താലോലം പദ്ധതി, ശ്രുതിതരംഗം, സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസ്എബിലിറ്റി, ക്യാൻസർ സുരക്ഷാ പദ്ധതി, ആർ.എസ്.ബി.വൈ, ചിസ് പ്ലസ് തുടങ്ങിയ പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ടാണ് ആരോഗ്യ കിരണം പദ്ധതി ആരംഭിക്കുന്നത്. |
| (സി) മതിയായ ചികിത്സയും പരിചരണവും ലഭിക്കാതെ സംസ്ഥാനത്ത് ശിശുക്കൾ മരണപ്പെട്ടുകൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ശിശു മരണം തടയുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) അട്ടപ്പാടിയിൽ അടുത്തകാലത്തായി ശിശുമരണങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മരണപ്പെട്ട ശിശുക്കളിൽ ഭൂരിഭാഗവും മാസം തികയാതെയുള്ള പ്രസവവും, തൂക്കക്കുറവും മൂലമാണ്. ഇതിന്റെ ഒരു പ്രധാന കാരണം അമ്മമാരുടെ വിളർച്ചാരോഗവും പോഷകാഹാരക്കുറവുമാണ്. |

(....2)

ശിശുമരണം പരിഹരിക്കാൻ സംസ്ഥാനടിസ്ഥാനത്തിൽ ആരോഗ്യവകുപ്പിന്റെയും, സാമൂഹ്യനീതി വകുപ്പിന്റെയും, പട്ടികജാതി വകുപ്പിന്റെയും മറ്റ് വിവിധ ഏജൻസികളുടെയും നേതൃത്വത്തിൽ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

1. ജെ.എസ്.എസ്.കെ - ജനനി ശിശു സുരക്ഷാ കാര്യക്രം എന്ന ഈ പദ്ധതി പ്രകാരം എല്ലാ ഗർഭിണികൾക്കും ഇൻവെസ്റ്റിഗേഷൻ (ലബോറട്ടറി പരിശോധനകൾ) ഉൾപ്പെടെ സർക്കാർ ആശുപത്രിയിൽ സൗജന്യം.
2. എൻ.ബി.സി.സി/എൻ.ബി.എസ്.യു/എസ്.എൻ.സി.യു. - പ്രസവം നടക്കുന്ന എല്ലാ സർക്കാർ ആശുപത്രിയിലും ഒരു പീഡിയാട്രീഷ്യൻ (മെഡിക്കൽ ഓഫീസർ) -ന്റെ മേൽനോട്ടത്തിൽ നവജാതശിശുക്കളെ സ്റ്റെബിലൈസ് ചെയ്യുന്നതിനും ജില്ലാതലത്തിലുള്ള ആശുപത്രിയിൽ നവജാത ശിശുക്കൾക്ക് വിദഗ്ധ പരിചരണം നൽകുന്നതിനുമായി സ്പെഷ്യൽ ന്യൂ ബോൺ കെയർ യൂണിറ്റ് (എസ്.എൻ.സി.യു) സംവിധാനവും നടപ്പിലാക്കി വരുന്നു.
3. ആദ്യത്തെ ആറുമാസം മുലപ്പാൽ മാത്രം (Exclusive breast feeding) നിർദ്ദേശിക്കുകയും ആറുമാസത്തിനുശേഷം (സാമൂഹ്യനീതി വകുപ്പ് വഴി) - അംഗൻവാടികൾ വഴി ശിശുക്കൾക്ക് പോഷകാഹാരകുറവ് പരിഹരിക്കുന്നതിന് അമൃതം പൊടി നൽകുന്നു.
4. ഇമ്മ്യൂണൈസേഷൻ - ജനിച്ചയുടൻ മുതൽ 16 വയസ്സുവരെ രോഗപ്രതിരോധ കുത്തിവയ്പുകൾ, മാരകമായ 7 രോഗങ്ങൾ തടയാൻ ഇമ്മ്യൂണൈസേഷൻ ഷെഡ്യൂൾ അനുസരിച്ച് ആശുപത്രികളും, സബ്സെന്ററുകളും തിരഞ്ഞെടുത്ത അംഗൻവാടികൾ വഴിയും നൽകുന്നു.
5. ന്യൂട്രീഷണൽ റിഹാബിലിറ്റേഷൻ ക്ലിനിക്ക് - ആരോഗ്യവകുപ്പിന്റെ മേൽനോട്ടത്തിൽ അട്ടപ്പാടിയിലെ വിളർച്ചാരോഗവും, പോഷകാഹാര കുറവുമുള്ള കുട്ടികളെയും അമ്മമാരെയും ഉൾപ്പെടുത്തി അഗളി സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഒരു ന്യൂട്രീഷണൽ റിഹാബിലിറ്റേഷൻ ക്ലിനിക്ക് തുടങ്ങുവാനുള്ള നടപടി സ്വീകരിച്ചു വരുന്നു.

(signature)

സെക്ഷൻ ഓഫീസർ